# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020, മാർച്ച് 2, തിങ്കൾ

**നമ്പർ 212**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ മന്ത്രി പി. ശങ്കരന്റെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതനോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർമാൻമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. കെ. ദാസൻ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. എം. വിൻസെന്റ്

അടിയന്തര പ്രമേയം:

സംസ്ഥാനത്തെ പോലീസ് ആസ്ഥാനത്തെ ക്രമക്കേടുകൾ സംബന്ധിച്ച സി.ആൻഡ് എ. ജി. യുടെ കണ്ടെത്തലുകൾ മൂടിവയ്ക്കാൻ സർക്കാർ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസും മറ്റ് മൂന്നംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

KNPP. 356/2020(i).

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.)

ശ്രദ്ധ ക്ഷണിക്കൽ :

പ്രൊമോഷൻ തസ്തികകളിൽ സംവരണം നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയില്ലെന്ന സുപ്രീം കോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കിടയിൽ ഉളവായിട്ടുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പുരുഷൻ കടലുണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങളുടെ മറുപടി അതത് മന്ത്രിമാർ മേശപ്പുറത്ത് വച്ചു:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. മുരളി പെരുനെല്ലി | മുല്ലശ്ശേരി, പാവറട്ടി കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | ആനാട്, പാലോട്, കുറുപുഴ വില്ലേജുകളിലെ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. എ. എൻ. ഷംസീർ | അന്തർ സംസ്ഥാന പാതകളിലെ റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് അന്തർ സംസ്ഥാന സമിതി | ഗതാഗത വകുപ്പുമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | അവിനാശി അപകടത്തിൽ മരിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടുംബങ്ങൾക്കുള്ള സഹായം | ഗതാഗത വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5 | ശ്രീ. പി. ടി. എ.റഹീം | കളൻതോട് കുളിമാട് റോഡ്, കുളിമാട് പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. ജോൺ ഫെർണാണ്ടസ് | വിദ്യാഭ്യാസ ഗുണനിലവാരം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി ആർട്സ് & സയൻസ് കോളേജിന് സ്ഥലം | ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. റ്റി. വി. രാജേഷ് | കെ.എസ്.ഇ.ബി. ജീവനക്കാരുടെ ജോലിക്കിടയിലെ അപകടമരണം | വൈദ്യുതി വകുപ്പുമന്ത്രി |

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്തു വച്ചു:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2020 | 17 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2020 |
| 2 | 2020 | 12 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2020 |
| 3 | 2020 | 15 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |
| 4 | 2020 | 10 | ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |
| 5 | 2020 | 11 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |

| | | | |
|---|---|---|---|
| 6 | 2020 | 14 | 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 7 | 2020 | 16 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |
| 8 | 2020 | 13 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |

റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) കൃഷി വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. വി. എസ്. സുനിൽ കുമാർ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(2) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. ഇ. ചന്ദ്രശേഖരൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(3) ജലവിഭവ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(4) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. ഇ. പി. ജയരാജൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(5) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. ജി. സുധാകരൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(6) പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനുമായ പ്രൊഫ. സി. രവീന്ദ്രനാഥ് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(7) തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. റ്റി. പി. രാമകൃഷ്ണനുവേണ്ടി കമ്മിറ്റി അംഗമായ ശ്രീ. പി. ഉണ്ണി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(8) ധനകാര്യവും കയറും വകുപ്പുമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനുമായ ഡോ. ടി. എം. തോമസ് ഐസക് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(9) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. എ. സി. മൊയ്തീൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(10) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. കെ. രാജു ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(11) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(12) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(13) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. എ. കെ. ബാലൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(14) മുഖ്യമന്ത്രിയും സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പിണറായി വിജയൻ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>ധനകാര്യം:</u>

## 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള 3, 5, 6, 8, 9, 11, 12, 13, 14, 15, 17, 18, 21, 22, 23, 24, 26, 27, 30, 35, 41, 42, 46 എന്നീ നമ്പറുകളിലുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾക്ക് വേണ്ടിയുള്ള പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു:

പ്രതിപക്ഷ ബഹളം കാരണം 3, 5, 6, 8, 9, 11, 12, 13, 14, 15, 17, 18, 21, 22, 23, 24, 26, 27, 30, 35, 41, 42, 46 എന്നീ നമ്പറുകളിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കി. അതുപോലെ, ചർച്ച കൂടാതെ പാസ്സാക്കാൻ നിശ്ചയിച്ചിരുന്നതായ 1, 4, 16, 19, 28 എന്നീ നമ്പറുകളിലുള്ള ധനാഭ്യർത്ഥനകളും സഭ പാസ്സാക്കി.

2020 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.30-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Nineteenth Session**

# BULLETIN—PART I

( Brief Record of Proceedings )

*Monday, March 2, 2020*

**No. 212**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Obituary Reference* :

The Speaker made reference on the demise of former Minister P. Sankaran. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairmen* :

The following Members were nominated to the Panel of Chairmen for the current session of the Assembly.

1. Shri K. Dasan
2. Shri Mathew T. Thomas
3. Shri M.Vincent

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. T. Thomas and three other Members regarding the serious situation reported to have arisen due to the efforts taken by the Government to cover up the findings of C. & A.G. regarding the irregularities in the Police Headquarters and the reported move by the Government to cover up the findings of the C. & A.G.

KNPP. 356/2020(ii).

(In protest against the withholding of the consent for moving the motion the Members belonging to the opposition moved into the well of the House raising slogans and tried to disrupt the proceedings of the House.)

*Calling Attention* :

Shri Purushan Kadalundy called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs to the necessity to inform the Central Government the apprehension created among the Scheduled Castes/Scheduled Tribe communities in the State following the Supreme Court judgment that the State Governments are not bound to make reservation in promotion posts. The Minister made a statement thereto.

*Matters under Rule 304* :

Reply to the following matters which were to be raised under Rule 304 were laid on the table by the respective Ministers.

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. മുരളി പെരുനെല്ലി | മുല്ലശ്ശേരി, പാവറട്ടി കടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | ആനാട്, പാലോട്, കുറുപുഴ വില്ലേജുകളിലെ സമഗ്ര കടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. എ. എൻ. ഷംസീർ | അന്തർ സംസ്ഥാന പാതകളിലെ റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് അന്തർ സംസ്ഥാന സമിതി | ഗതാഗത വകുപ്പുമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | അവിനാശി അപകടത്തിൽ മരിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടുംബങ്ങൾക്കുള്ള സഹായം | ഗതാഗത വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5 | ശ്രീ. പി. ടി. എ.റഹീം | കളൻതോട് കുളിമാട് റോഡ്, കുളിമാട് പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. ജോൺ ഫെർണാണ്ടസ് | വിദ്യാഭ്യാസ ഗുണനിലവാരം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി ആർട്സ് & സയൻസ് കോളേജിന് സ്ഥലം | ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. റ്റി. വി. രാജേഷ് | കെ.എസ്.ഇ.ബി. ജീവനക്കാരുടെ ജോലിക്കിടയിലെ അപകടമരണം | വൈദ്യുതി വകുപ്പുമന്ത്രി |

*Papers laid on the Table:*

The following Ordinances were laid on the Table:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2020 | 17 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2020 |
| 2 | 2020 | 12 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2020 |
| 3 | 2020 | 15 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |
| 4 | 2020 | 10 | ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |
| 5 | 2020 | 11 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |

356/20(ii)

| | | | |
|---|---|---|---|
| 6 | 2020 | 14 | 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 7 | 2020 | 16 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |
| 8 | 2020 | 13 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 |

*Presentation of Reports:*

The following Reports were presented:

(1) Shri V. S. Sunil Kumar, Minister for Agriculture and Chairman, Subject Committee-I presented the Fifth Report of the Committee on the scrutiny of demands for grants.

(2) Shri E. Chandrasekharan, Minister for Revenue and Housing and Chairman, Subject Committee-II presented the Fifth Report of the Committee on the scrutiny of demands for grants.

(3) Shri K.Krishnankutty, Minister for Water Resources and Chairman, Subject Committee-III presented the Fifth Report of the Committee on the scrutiny of demands for grants.

(4) Shri E. P. Jayarajan, Minister for Industries, Sports and Youth Affairs and Chairman, Subject Committee-IV presented the Fifth Report of the Committee on the scrutiny of demands for grants.

(5) Shri G. Sudhakaran, Minister for Public Works and Registration and Chairman, Subject Committee-V presented the Fifth Report of the Committee on the scrutiny of demands for grants.

(6) Prof. C. Raveendranath, Minister for General Education and Chairman, Subject Committee-VI presented the Fifth Report of the Committee on the scrutiny of demands for grants.

(7) Shri P. Unni, Member of the Subject Committee-VII for Shri T. P. Ramakrishnan, Minister for Labour and Excise and Chairman, Subject Committee-VII presented the Fifth Report of the Committee on the scrutiny of demands for grants.

(8) DR. T. M. Thomas Isaac, Minister for Finance and Coir and Chairman, Subject Committee-VIII presented the Fifth Report of the Committee on the scrutiny of demands for grants.

(9) Shri A. C. Moideen, Minister for Local Self Governments and Chairman, Subject Committee-IX presented the Fifth Report of the Committee on the scrutiny of demands for grants.

(10) Shri K. Raju, Minister for Forest, Animal Husbandry and Zoo and Chairman, Subject Committee-X presented the Fifth Report of the Committee on the scrutiny of demands for grants.

(11) Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms and Chairman, Subject Committee-XI presented the Fifth Report of the Committee on the scrutiny of demands for grants.

(12) Smt. K. K. Shailaja Teacher, Minister for Health, Social Justice and Woman and Child Development and Chairperson, Subject Committee-XII presented the Fifth Report of the Committee on the scrutiny of demands for grants.

(13) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs and Chairman, SubjectCommittee-XIII presented the Fifth Report of the Committee on the scrutiny of demands for grants.

(14) Shri Pinarayi Vijayan, Chief Minister and Chairman, Subject Committee-XIV presented the Fifth Report of the Committee on the scrutiny of demands for grants.

*Financial Business* :

Discussion and voting on Final Supplementary Demands For the Grants in the Budget for the Financial Year 2019-20

Motion for the Supplementary Demands for Grants in the Budget for the Financial Year 2019-20 in respect of Demands 3, 5, 6, 8, 9, 11, 12, 13, 14, 15, 17, 18, 21, 22, 23, 24, 26, 27, 30, 35, 41, 42 and 46 were moved by the respective Ministers.

The House passed the Demands without discussion due to the disruption of the proceedings by the Opposition. Similarly, the Demand Numbers 1, 4, 16, 19 and 28 which were earmarked to be passed without discussion were passed accordingly.

The House adjourned at 11.30 a.m. to meet again at 9.00 a.m. on Tuesday, March 3, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*